## (ഇരുപത്തിയൊന്ന്) സ്ത്രീശാക്തീകരണവും കുടുംബശ്രീ ബ്രാൻഡിംഗും

95. സ്ത്രീകളുടെ അവസ്ഥയിൽ കേരളത്തിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും സ്ത്രീപദവിയുടെ കാര്യത്തിൽ നാം ഇപ്പോഴും ഏതു സംസ്ഥാനവും പോലെ പിന്നിലാണെന്നാണ് സമകാലീന വിവാദങ്ങൾ കാണിക്കുന്നത്. സ്ത്രീശാക്തീകരണം ലക്ഷ്യമിട്ടു കൊണ്ടാണ് ഈ സർക്കാരിന്റെ ആദ്യബജറ്റിൽത്തന്നെ ജെൻഡർ ബജറ്റിംഗ് പ്രഖ്യാപിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ ബജറ്റിലെ സ്ത്രീ പരിഗണനയിൽ ശ്രദ്ധേയമായ പുരോഗതി ഉണ്ടായിട്ടുണ്ട്. 2016-17-ൽ പൂർണ്ണമായും സ്ത്രീകൾക്കുള്ള സ്കീമുകളുടെ അടങ്കൽ 760 കോടി രൂപയും പദ്ധതി അടങ്കലിന്റെ 4 ശതമാനവും മാത്രമായിരുന്നു. സർ, 2019-20 ലെ ബജറ്റിൽ ഈ തുക 1420 കോടി രൂപയായും പദ്ധതി വിഹിതം 6.1 ശതമാനമായും ഉയർത്തുന്നു. പൊതുവികസന സ്കീമുകളിൽ സ്ത്രീകൾക്കായുള്ള പ്രത്യേക ഘടകംകൂടി കണക്കിലെടുക്കുകയാണെങ്കിൽ മൊത്തം വനിതാ വിഹിതം 16.85 ശതമാനമാണ്. 2017-18-ൽ ഇത് 11.5 ശതമാനം ആയിരുന്നു. വകയിരുത്തലിലായാലും പരിപാടികളിലെ വൈപുല്യത്തിലായാലും സ്ത്രീശാക്തീ കരണത്തിന്റെ ഏറ്റവും ജനകീയമായ ഇടപെടൽ മേഖല കുടുംബശ്രീയാണ്. കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള വരുമാനദായക പ്രവർത്തനങ്ങളിൽ ഗുണപരമായ മാറ്റം വരുത്തുന്നതിന് 2019-20-ൽ മുൻകൈയെടുക്കും.

96. സൂക്ഷ്മ തൊഴിൽ സംരംഭങ്ങളിലെ വികേന്ദ്രീകൃത ഉൽപ്പാദനം വിപണനമേഖലയിൽ വിജയിക്കണമെങ്കിൽ ബ്രാൻഡ് അടിസ്ഥാനത്തിലുള്ള കേന്ദ്രീകൃതമായ മാർക്കറ്റിംഗ് അനിവാര്യമാണ്. അത്തരമൊരു വിപണനതന്ത്രത്തിന്റെ കുടക്കീഴിലേ സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ വിജയിക്കൂ. പ്രളയാനന്തര ജീവനോപാധി വികസനത്തിന്റെ ഭാഗമായി ഇത്തരമൊരു വിപുലമായ തന്ത്രത്തിന് കുടുംബശ്രീ രൂപം നൽകുകയാണ്. താഴെപ്പറയുന്ന 12 ഉൽപ്പന്നങ്ങളാണ് ഇതിനായി തെരഞ്ഞെടുക്കുന്നത്.

1) ന്യൂട്രിമിക്സ് പോഷകഭക്ഷണം
2) മാരി കുട
3) സുഭിക്ഷ നാളികേര ഉൽപന്നങ്ങൾ
4) ശ്രീ ഗാർമെന്റ്സ്
5) കേരള ചിക്കൻ
6) കയർ കേരള
7) കരകൗശല ഉൽപന്നങ്ങൾ
8) ഇനംതിരിച്ച തേൻ ബ്രാൻഡുകൾ
9) ഹെർബൽ സോപ്പുകൾ
10) കറിപ്പൊടികൾ
11) ഉണക്കമീൻ
12) ആദിവാസി ഉൽപന്നങ്ങൾ

97. ഈ ഉൽപന്നങ്ങളുടെ സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾ ഒന്നോ അതിലധികോ ക്ലസ്റ്റർ കേന്ദ്രങ്ങൾ കേന്ദ്രീ കരിച്ചായിരിക്കും പ്രവർത്തിക്കുക. പരിശീലനം നൽകുക, അസംസ്കൃത വസ്തുക്കൾ എത്തിച്ചുകൊടുക്കുക, ഉൽപന്ന മാനദണ്ഡങ്ങൾ നിശ്ചയിക്കുക, വാങ്ങൽ വില നിർണ്ണയിക്കുക തുടങ്ങിയവയെല്ലാം ക്ലസ്റ്റർ കേന്ദ്ര

ങ്ങളായിരിക്കും തീരുമാനിക്കുക. വിപണനത്തിന് സിവിൽ സപ്ലൈസ്, കൺസ്യൂമർഫെഡ്, സൂപ്പർ മാർക്കറ്റുകൾ, സ്വകാര്യ കച്ചവടക്കാർ എന്നിവർക്കു പുറമെ കുടുംബശ്രീയുടെ 200 ചെറുവിപണന കേന്ദ്രങ്ങളും കുടുംബശ്രീയുടെ ഹോംഷോപ്പ് ശൃംഖലയും സജ്ജ മാക്കും. ഇതിനു പുറമേ, മേൽപ്പറഞ്ഞ ഉൽപ്പന്നങ്ങൾ ക്കെല്ലാംകൂടി സീനിയർ മാർക്കറ്റിംഗ് എക്സിക്യൂട്ടീവിന്റെ നേതൃത്വത്തിൽ കുടുംബശ്രീയുടെ കീഴിൽ ഒരു മാർക്കറ്റിംഗ് വിംങ് രൂപീകരിക്കും.

98. കൊച്ചിമെട്രോയുടെയും റെയിൽവേയുടെയും വിവിധ സേവനങ്ങൾ ഏറ്റെടുത്ത് കുടുംബശ്രീ ഇതിനകം സേവനപാടവം തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ മേഖല യുടെ സാധ്യത മനസ്സിലാക്കി താഴെപ്പറയുന്ന ആറ് പുതിയ സേവന ശൃംഖലകൾ 2019-20-ൽ ആരംഭിക്കും.

1) 2000 ജെറിയാട്രിക് കെയർ പ്രൊഫഷണൽ സ്ത്രീകളെ പരിശീലിപ്പിച്ച് വിന്യസിക്കും.

2) 100 ടേക് എ ബ്രേക്ക് കേന്ദ്രങ്ങൾ വഴിയോരങ്ങളിൽ ഏറ്റെടുക്കും. ഇവിടെ ടോയ്ലറ്റ് സൗകര്യങ്ങളും വിശ്രമ മുറികളും, സ്നാക്ക് കൗണ്ടറുകളും ഉണ്ടായിരിക്കും. പെട്രോൾ പമ്പുകളിൽ ഇതേ മാതൃകയിൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് പെട്രോൾ കമ്പനികളുമായി കരാറിലേർപ്പെടും.

3) എല്ലാ സിഡിഎസുകളിലും കെട്ടിട നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കാൻ പ്രാപ്തിയുള്ള വനിതാ മേസ്തിരിമാരുടെ സംഘങ്ങളെ രൂപീകരിക്കും.

4) എല്ലാ സിഡിഎസുകളിലും ഇലക്ട്രിഫിക്കേഷൻ, പ്ലംബ്ബിംഗ്, ഗാർഹിപോകരണങ്ങളുടെ റിപ്പയർ

തുടങ്ങിയ ഏറ്റെടുക്കുവാൻ പ്രാപ്തരായ യൂട്ടിലിറ്റി സേവന സംഘങ്ങൾ രൂപീകരിക്കും.

5) എല്ലാ സിഡിഎസുകളിലും ഈവന്റ് മാനേജ്മെന്റ് ടീമിന് രൂപം നൽകും. വിശേഷ ആവശ്യങ്ങൾക്ക് ഭക്ഷണം, പാചകം, വിളമ്പൽ, പന്തൽ, ഡെക്കറേഷൻ തുടങ്ങിയവയെല്ലാം ഏറ്റെടുക്കുന്നതിന് ഇവർ പര്യാപ്തരായിരിക്കും.

6) കുടുംബശ്രീ നാട്ടുചന്തകളെ സ്ഥിരം വിപണന കേന്ദ്രങ്ങളായി ഉയർത്തും. വൈവിദ്ധ്യമായ നാടൻ ഇലക്കറികൾക്കു വേണ്ടിയുള്ള കൂളർ ചേംബർ ഈ സ്ഥാപനങ്ങളുടെ പ്രത്യേകതയായിരിക്കും.

99. മേൽപ്പറഞ്ഞ ഉപജീവന ഇടപെടലുകളിലൂടെ 2019-20-ൽ 25,000 സ്ത്രീകൾക്ക് പ്രതിദിനം 400 – 600 രൂപ വരുമാനം ലഭിക്കുന്ന സ്ഥായിയായ തൊഴിലവസരങ്ങൾ സൃഷ്ടിക്കും. 2019-20-ൽ 65000 അയൽക്കൂട്ടങ്ങൾക്ക് നാലു ശതമാനം പലിശയ്ക്ക് 3500 കോടി രൂപ ബാങ്കു വായ്പ ലഭ്യമാക്കും. സർ, കുടുംബശ്രീയ്ക്ക് 258 കോടി രൂപ വകയിരുത്തുന്നു. 400 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്ന് ലഭ്യമാകും. ഇതിനു പുറമെ 315 കോടി രൂപയുടെ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിൽനിന്നുമുണ്ട്. അങ്ങനെ മൊത്തം 1000 കോടി രൂപയാണ് കുടുംബശ്രീയുടെ ബജറ്റ്. മൃഗപരിപാലനത്തിനും ചെറുകിട സംരംഭങ്ങൾക്കും മറ്റും വായ്പയെടുത്ത് കടക്കെണിയിൽപ്പെട്ട സ്ത്രീസംഘങ്ങൾക്ക് ഒരു പുനരുദ്ധാരണ പദ്ധതി ആവിഷ്കരിക്കുന്നതാണ്. ഇതിലേയ്ക്ക് 20 കോടി രൂപ അധികമായി വകയിരുത്തുന്നു.